

# *യാക്കോബായ സുറിയാനി സഭ*

# കാൽകഴുകൽ ശുശ്രൂഷ ക്രമം

***(പരിശുദ്ധ സഭയുടെ ആണ്ടുതക്സായിൽ നിന്നു പകർത്തിയത്)***

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്.*
*ഇത് പൂർണ്ണമായും ടെപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചി ട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

SAMAJAM

Land of Midian, Since 2002 June 29th

PIECE OF WOOD IN MARAH

SAINT MARY'S JACOBITE MOVEMENT

*Type set by:* *Daniel B Daniel (Chev),*
*Initiator and founder of SAMAJAM,*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

*Prepared and published in 2017 March*

-

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 – വിശുദ്ധ ഗ്രന്ഥം)

# മലങ്കര യാക്കോബായ സുറിയാനി സഭ

# കാൽകഴുകൽ ശുശ്രൂഷ

## പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ! ഈ വെള്ളംകൊണ്ടുള്ള കഴുകൽ മുഖേന സകലവിധ കാഠിന്യതയിൽ നിന്നും ആകൽക്കറുസായ്ക്കടുത്ത ദുഷ്ടതയിൽ നിന്നും പാപത്തിന്റെ എല്ലാവിധ അഴുക്കിൽ നിന്നും മാലിന്യത്തിൽ നിന്നും തുടച്ചു വെടിപ്പാക്കുവാൻ ഞങ്ങളെ അർഹരാക്കണമെ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും അസൂയ, അഹങ്കാരം, കോപം, വിദ്വേഷം മുതലായ വികാരങ്ങളിൽ നിന്നു ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യണമേ. മോറാൻ വാലോഹ...

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

(ഏമോദ്ക്കീസോ)

ഭയമൊടു സ്രാ-പ്പികൾ കാദീശാർക്കുന്നോൻ
ശിഷ്യപദ-ത്തെ, കഴുകിയിന്നാളിൽ
ദേവാ! ദയചെയ്തീടണമെ.
ഭയമൊടുക്രോ-ബേന്മാരേന്തുന്നോനേ!
ശിഷ്യസമക്ഷം - മൗലിനമിച്ചോ-നേ ദേവാ...

അഗ്നിമയ-ർക്കീക്ഷിപ്പാൻ കഴിയാ-ത്തോൻ
ശിഷ്യപദ-ത്തെ, കഴുകീയിന്നാ-ളിൽ-ദേവാ...

ജനകൻ ത-ന്നങ്കതലത്തിലദൃ-ശ്യൻ
ശിഷ്യപദ-ത്തെ കഴുകീയിന്നാ-ളിൽ-ദേവാ ...

ദൂതന്മാർ-വാനിൽ ശുശ്രൂഷി-പ്പോൻ
ശിഷ്യപദ-ത്തെ, കഴുകീയിപ്പാരിൽ - ദേവാ...

ജ്വാലയണി-ഞ്ഞോൻ ശോശപ്പാചുറ്റി
കഴുകീശി-ഷ്യന്മാരുടെപാദങ്ങൾ - ദേവാ ....

ശോശാപ്പാ-യരയിൽബന്ധിച്ചെ-ല്ലാ
ശിഷ്യരുടേ-യും, പാദം കഴുകീ-താൻ- ദേവാ...

പാത്രത്തി-ന്നുള്ളിൽ വെള്ളമൊഴി-ച്ച്
വിനയപഥ-ത്തെ, ദർശിപ്പിച്ചോ-നേ! ദേവാ....

വാനരുളും -വിനയമതാം ദൃഷ്ടാ-ന്തം
തൻക്നൂമാ-യിൽ, ദർശിപ്പിച്ചോ-നേ! ദേവാ....

ശ്ലീഹന്മാ-രേ വിമലന്മാരാ-ക്കി
തിരുമൊഴിഘോ-ഷിപ്പാൻ നിയമിച്ചോ-നേ! ദേവാ.....
ബാറെക്മോർ - ശുബഹോ....
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
*(ആദിമുതൽ എന്നന്നേക്കും വരെ)*
സ്തുതിയേകാ-ത്മജനെയയച്ചൊരുതാ-താ!
വന്നിഹക-ഴുകി, താൻ ശിഷ്യപദ-ത്തെ- ദേവാ....

63-ാം മസ്മൂർ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് മഹത്വമുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ ശയ്യമേൽ ഞാൻ നിന്നെ ഓർത്തു; രാത്രികളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എന്റെ ആത്മാവു നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴത്തിലേക്കു പ്രവേശിക്കും.

അവർ വാളിനു ഏൽപ്പിക്കപ്പെടും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും;

രാജാവു ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യവാദികളുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

(ബ്രോദശ്‌റൊബ്മർബഌ)

പാത്രമതിൽത-ണ്ണീർവാർന്നു, താ-ൻ
കഴുകീ ശിഷ്യന്മാ-രെ
തമ്മിലുമതുപോൽ ചെയ്യണമെ
ന്നവരോടരുളിച്ചെയ്തോനേ!
ദേവേശാ!-നാഥാ നീ ധന്യൻ
സ്വർഗ്ഗതലത്തി-ന്നുടയോനേ! മാ-ലാഖകൾ സേവിപ്പോ-നേ!
സലിലം പാത്രത്തിൽ പേറി
ശിഷ്യ പദങ്ങൾ തുടച്ചോനേ! - ദേവേശാ....
സ്നേഹത്തൊടുകൈ-ലേസരയിൽ ചു-റ്റി ശിഷ്യസമൂഹ-ത്തിൻ
പാദം കഴുകിത്തിരുമെയ്യും
തിരുരക്തവുമേകിയമ്ശിഹാ- ദേവേശാ...
ശിഷ്യന്മാരോ-ടതിവിനയം രക്ഷകനേ! നീ പെരുമാ-റി
തിരു ഹൃദയത്തിൻ വിനയത്തെ
ബോധിപ്പാൻ കൽപ്പിച്ചോനേ! ദേവേശാ....

ബാറെക്മോർ - ശുബഹോ ..
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
*(ആദിമുതൽ എന്നന്നേക്കും വരെ)*

നാഥാ! എൻകാ-ലൊരുനാളും ക-ഴുകരുതെന്നോതി ശീമോൻ
കഴുകൽകൂടാതെന്നൊടു പ-
ങ്കില്ലെന്നരുളിയൊരുടയവനേ! ദേവേശാ.....

<u>മസ്മൂർ 19 (വിശുദ്ധ ഗ്രന്ഥം)</u>

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വം അറിയിക്കുന്നു; ആകാശ വിതാനം തന്റെ കൈപ്പണിയെ കാണിക്കുന്നു.

പകൽ പകലിന്നു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂതലത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു; സൂര്യന്നായിട്ട് അവയുടെ മേൽ തന്റെ കൂടാരമടിച്ചു.

അതു തന്റെ മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളൻ എന്ന പോലെ ആകുന്നു. ശക്തൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ ഒരറ്റത്തു നിന്നു അതിന്റെ ഉദയവും ആകാശത്തിന്റെ അറുതിയിൽ അതിന്റെ അസ്തമനവും ആകുന്നു. അതിന്റെ ആവിയിൽനിന്നു മറവായിരിക്കുന്നത് ഒന്നുമില്ല.

കർത്താവിന്റെ വേദപ്രമാണം കറയറ്റതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വാസയോഗ്യവും ശിശുക്കളെ വിജ്ഞാനികളാക്കുന്നതുമാകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭക്തി നിർമലവും എന്നേക്കും നിലനില്ക്കുന്നതും ആകുന്നു; കർത്താവിന്റെ ന്യായവിധികൾ സത്യമായുള്ളവയും സകലത്തിലും നീതിയുള്ളവയും ആകുന്നു.

അവ തങ്കത്തേക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനേക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയുമാകുന്നു;

അത്രയുമല്ല: നിന്റെ ദാസനു അവയാൽ പ്രബോധനം ലഭിക്കും; അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും;

പിഴകളെ തിരിച്ചറിയുവുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ!

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ ഒഴിഞ്ഞിരിപ്പാനും വേണ്ടി അന്യായത്തിൽ നിന്നു നിന്റെ ദാസനെ തടുക്കണമേ.

എന്റെ സഹായകനും, എന്റെ രക്ഷകനുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ തിരുവിഷ്ട പ്രകാരവും എന്റെ ഹൃദയത്തിലെ ധ്യാനം തിരുമുമ്പാകെയും ഇരിക്കണമേ!

*ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ*

(ഹൗദത്ഇൻകൽബെറിയോസൊ)

ഈറയ സേവിതനുടയോനേ! തിരുവിനയത്തി-ന്നായ് സ്തോത്രം
സൃഷ്ടിപതേ! നീ സ്നേഹത്തിൻ പ്രേരണയാലി-ക്ഷിതിപൂകി
ജലപാ-ത്രത്തേ നീയേന്തി
ശിഷ്യ-ന്മാരുടെ കാൽകഴുകി
സ്തുതിയാദത്തെപ്പരിരക്ഷിച്ചീടാൻ
താഴ്മയ്ക്കാഗതനാ-യോ-നേ
മേലങ്കികണക്കൊളിയേന്തിടുമുജ്ജ്വലമാകും-ഘോരാഗ്നി
തൻകൈലേസരയിൽ ചുറ്റി ശിഷ്യഗണത്തിൻ-കാൽകഴുകി
പ്രഭയാ-ലീറയരഞ്ചുമ്പോൾ
ശീമോ-ന്നരികെതാൻതാണു
സ്തുതിയാദത്തെപ്പരിരക്ഷിച്ചീടാൻ
താഴ്മയ്ക്കാഗതനാ-യോ-നേ!
ബാറെക്മോർ - ശുബഹോ...
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
*(ആദിമുതൽ എന്നന്നേക്കും വരെ)*
തിരുസഭയേനിന്ദ്യജലത്താൽ രക്ഷകനിഭിഷേ-കം ചെയ്തു
സഭയും തനയരുമനവരതം സ്തുതിയവനായ് പ്പാ-ടീടു-ന്നു
ഭൂവിൽ-ശിഷ്യരെ നീ കഴുകി
പരമോന്നതനേ! നീ ധന്യൻ
സ്തുതിയാദത്തെപ്പരിരക്ഷിച്ചീടാൻ
താഴ്മയ്ക്കാഗതനാ-യോ-നേ

<u>**മസ്മൂർ 149,150,116 (വിശുദ്ധ ഗ്രന്ഥം)**</u>

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്യാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

*ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ*

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

<u>യൗമോനൊ</u>

ഇന്നാളിൽ-സകലാധീശൻ-ശോശ്ശപ്പായരയിൽ ബന്ധിച്ചു
ശിഷ്യന്മാരുടെ കാൽകഴുകുന്നതുദർശിച്ചപ്പോൾ
അത്യധികം പാ-രും വാനും പ്രാ-പിച്ചാശ്ചര്യം

ഇന്നാളിൽ-സകലാധീശൻ-സലിലത്തേവാർന്നാൻ പ്രത്രത്തിൽ
ശോശപ്പായങ്ങരയിൽ കെട്ടിശിഷ്യഗണത്തിൻ
പാദം കഴുകീ-ട്ടത്യന്തം വിനയം-കാണിച്ചു.

ഇന്നാളിൽ-പാത്രത്തിൽ-സലിലത്തെവാഴ്ത്തി ശോശപ്പാ
നമ്മുടെ രക്ഷകനരയിൽചുറ്റി സ്നേഹത്തോടെ
ശിഷ്യന്മാർതൻ-പാദങ്ങൾ കഴുകാ-നുൽസുകനായ്

ഇന്നാളിൽ-വഹ്നിമയർ-പാത്രത്തെപേറീകൈപ്പണിയാം
മണ്മയപാദം കഴുകീടുന്നതു കണ്ടൊരുനേരം
വാനവരാശ്ച്യ-ർപ്പെട്ടു സ്തുത്യം-തിരുവിനയം

ബാറെക്മോർ - ശുബഹോ -
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
*(ആദിമുതൽ എന്നന്നേക്കും വരെ)*

ശീമോൻചൊന്നാൻ-നാഥാ! എന്നെ-കഴുകേണ്ടാഭ്രമമാർന്നീടുന്നേൻ
ശീമോനേ നീയെൻ വചനത്തെ ശ്രദ്ധിയ്ക്കായ്കിൽ
എൻശിഷ്യൻ നീ-യാകില്ലെന്നുടയോ-നുരചെയ്താൻ

**സ്തൗമെൻകാലോസ് - കുറിയേലായിസോൻ**

***(നാം നല്ലവണ്ണം നിൽക്കണം - കർത്താവേ! കരുണ ചെയ്യണമേ)***

<u>പ്രമിയോൻ</u>

<u>സെദറാ</u>

***(ഉൾപ്പെടുത്തിയിട്ടില്ല)***

<u>(കൂക്കോയൊ)</u>

അഗ്നിമയൻ കർത്താവരയിൽ ശോശ-പ്പാചുറ്റി
ജലപാത്രംപേറി; ക്രമമായി കഴുക-പ്പെട്ടിടുവാൻ
വന്നേറീടും-ശിഷ്യസമൂഹത്തെ
ശുശ്രൂഷിച്ച-രാത്രിമനോഹരമേ
ജലപാത്രത്തൊടു യൂദായെ രക്ഷ-കനാർന്നപ്പോൾ

കത്തിയെരിഞ്ഞില്ലവനേതും വിസ്മ-യമതുപാരം
ഹാലേലുയ്യാ-ഉഹാലേലുയ്യാ
മേലങ്കിയെനീക്കീട്ടരയിൽ ശോശ-പ്പാചുറ്റി
രക്ഷകനിരികേ ചെന്നഥതൻ സൃഷ്ടി-കളേതോർത്തി
ശീമോൻ ചൊന്നാൻ-നികടേ ചെന്നപ്പോൾ
കർത്താവേ! നീ-യെന്തിഹചെയ്യുന്നു
നാഥൻ ചൊന്നാൻ ശീമോനേ മൗനം-പൂകുകനീ
വായുതലാധിപനപമാനം ഞാനെൻ-വിനയത്താൽ
ഹാലേ... നൽകാൻ കാംക്ഷിപ്പൂ.
ബാറെക്മോർ - ശുബഹോ
കീഴുള്ളവരും ഭൗമികരും വാനോ-രും കൂപ്പും
ദേവാധിപനും ദൈവത്തിൻ സൂതനും-സ്തുതിയേറും
മന്നനുമായോൻ-മന്നിടമതിലെത്തി
അത്താഴത്തിൽ-ജലപജ്ഞരമേന്തി
ശിഷ്യഗണത്തിൻ ചരണങ്ങൾ കഴുകു-ന്നതുകണ്ട്
വാനവസേനയുമംബരവും കടലും-ഭ്രമമാണ്ടു
ഹാലേ... ഉഹാലേ....
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
*(ആദിമുതൽ എന്നന്നേക്കും വരെ)*
നിർമ്മലസലിലം പാത്രത്തിൽ കർത്താ-വേന്തി
ശിഷ്യഗണത്തിൻ ചരണങ്ങൾ കഴുകാനുൽസുകനായ്
ചൊന്നാൻശീമോ-നരികേ ചെന്നപ്പോൾ
റാബീയെൻകാൽ-കഴകരുതൊരുനാളും
ചൊന്നാൻ കഴുകപ്പെട്ടീടാതഴിവി-ല്ലാത്തോരാ
ശാശ്വതരാജ്യം പൂകിടുവാൻ നീയ-പ്രാപ്തൻ താൻ
ഹാലേലു... ഉഹാലേ...

<u>എത്രൊ</u>
(ഉൾപ്പെടുത്തിയിട്ടില്ല)

**കോലൊ-ബ്തറഒക്മോറാൻ**

സ്നേഹത്തൊടു വിശ്വാസത്തിൻ നിറവില്ലാത്തോൻ
കഴുകലിനെത്തേണ്ടാ
കഴുകീടണമാത്മാവിനെയും പാപംപോക്കാൻ
ആത്മമതും തനുവും മനവും കഴുകണമൊന്നായ്
പൂർണ്ണമനസ്സോടെ
ബാറെക്മോർ - ശുബഹോ...
ശിഷ്യന്മാരേ! വെടിയരുതേ! കരുണാനിധിയാം നാഥൻ തൻ വചനം
സ്നേഹിതരുടെ കാൽകഴുകിടുവാൻ താഴ്മയെഴാത്തോ
നെൻശിഷ്യത്വം നേടിടുവാനർഹതയില്ലെ-ന്നുടയോൻ കൽപ്പിച്ചു

**(കോലോ - സൊഹദെപ്തഹ്)**

പായും പാമരവുംകൂടാ-താഴിയിലോടിപ്പോയ് നൗക
സങ്കേതം പ്രാപിക്കില്ലാ-മാമോദീസായും മ്ശിഹാ
തന്മെയ് രക്തങ്ങളുമെന്യേ
ജീവൻ നേടുകയില്ലാത്മം .. ഹാ... ഹാ..
ലോകത്രാതവാമീശോ! നിന്നുതവിക്കായി സ്തോത്രം
ബാറെക്മോർ - ശുബഹോ ...
ശിഷ്യന്മാരെ വീക്ഷിച്ചേൻ-വന്നാർ കഴുകപ്പെട്ടീടാൻ

ശീമോൻ തന്നൂഴംവന്നു-ജീവാധീശൻതൻസൂനു
ദാസപദം സ്പർശിച്ചപ്പോൾ
ഉച്ചത്തിൽചൊന്നാനേവം ഹാ. ഹാ...
ഒരുനാളും സർവ്വാധീശാ!-കഴുകരുതേ നീയെൻപാദം

(കോലൊ-ഏനൊനൊ നുഹറോ)

ചെറിയോൻ തൊട്ടേവരെയും കഴുകി-ശീമോനരികേ ചെന്നപ്പോൾ
ചൊന്നാനെൻ - കർത്താവെനീയെൻ- പാദംകഴുകരുതെന്നേവം
കർത്താവവനൊടുകല്പിച്ചാൻ
എന്നിഷ്ടത്തിനു വിപരീതം
നിന്നാൽ നീയന്യൻതന്നെ
കീപ്പാചൊന്നാനയ്യോ എൻ-തലയുംമെയ്യും കഴുകേണം
ബാറെക്മോർ - ശുബഹോ...

കൊണ്ടൽകൊടും കാറ്റിവയിൽക്കൂടി-ദൈവം സംഭാഷിച്ചപ്പോൾ
തേജസ്സും മഹിമാവും മൂശാ-നിബിസീനായിൽ പ്രാപിച്ചാൻ
പ്രോജ്ജ്വാലമാം തൻ വെളിപാടാൽ
ആ നിബിയെശോഭിപ്പിച്ചോൻ
മനുജത്വം സ്വയമാർന്നിന്നാൾ
വെണ്മാടത്തിൽതലതാഴ്ത്തി-ദാസന്മാർതൻകാൽകഴുകി

**(കോലോ - തൂബെക്കു ഈത്തോ)**

അപ്പൊസ്തോലർ-പന്തിയിരിപ്പാൻ വന്നെത്തി
പന്തിയിരുത്തിത്തൽ പ്രിയരെ - ശുശ്രൂഷിപ്പാനെഴുന്നേറ്റാൻ
വെള്ളം പാത്രത്തിൽപേറി - പാദം കഴുകാൻ തലതാഴ്ത്തി
സൃഷ്ടിപദം തോർത്താൻ റൂമാൽ - സൃഷ്ടാവരയിൽ ബന്ധിച്ചു
അത്ഭുതസംഭവമിതു കാണ്മാൻ-സർവ്വരുമേ! വരുവിൻ പോകാം
ബാറെക്മോർ - ശുബഹോ..
വിശ്വാസത്തോ-ടമലസ്നേഹവുമില്ലാത്തോൻ
ശാരീരികമാം കഴുകലിനായ് - മാത്രം വരുവതയോഗ്യം താൻ
മെയ്കഴുകപ്പെട്ടീടുമ്പോൾ - ആത്മാവമരും പാപത്തിൽ
ആത്മശരീരങ്ങളുമകവും - പരിപൂർണ്ണം നാം കഴുകേണം
കല്പനകാക്കും സമ്പൂർണ്ണ - ക്ഷാളനമതു താനെന്നോർപ്പിൻ

<u>(ബോത്തെദ്ഹാശോ)</u>

ഞങ്ങൾക്കായ് നീ യേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ

ഇന്നേദിവസം ദൈവതനൂജൻ
ശോശാപ്പാതന്നരയിൽ ചുറ്റി
ദാസന്മാർതൻ-പാദം കഴുകീ
തോർത്തിപ്പാരം വിമലത നൽകീ
മേശയ്ക്കവരെ പന്തിയിരുത്തി

കർത്താവരുളി ശീമോനോടായ്

നിൻതോഴരുടേതെന്നോണം ഞാൻ
നിൻപാദങ്ങൾ-കഴുകായ്കിൽ നീ
ശുശ്രൂഷകനും ശിഷ്യനുമാകാ
ശ്ലൈഹികസിംഹാസനവും നഷ്ടം

ഗോചരനല്ലാത്തൊരു താതന്നും
പന്തിരുവരുടെ പാദം കഴുകി
കൃത്യംസർവ്വം-നിറവേറ്റിയൊരാ
തൻപുത്രന്നും റൂഹ്ക്കുദിശായ്ക്കും
സ്തുതിയും നതിയും നാമേകേണം
നിൻ വിധിചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെ നാഥാ!

(മോർ യാക്കോബിന്റെ ബോവൂസ്സൊ)

മ്ശിഹാസ്ക്കീപ്പാമൃതി കഷ്ടതകൾക്കായ് വന്നോനെ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻ പുണ്ടാകേണം
ഞാനോതീടും വചനങ്ങളെ നീ മാനിയ്ക്കായ്കിൽ
ശ്ലീഹായാകാനെളുതല്ലേതും നീയോതുമ്പോൾ
എൻ ശിഷ്യൻ നീയെന്നാലണയണമെന്നിഷ്ടം പോൽ
എന്റേതാകാതെൻ ശിഷ്യത്വം നീയാർന്നീടാ

പങ്കില്ലേതും കഴുകൽകൂടാതെന്നോടൊപ്പം
നിൻവാദത്താലെൻ കാംക്ഷയെ നീ രോധിക്കുന്നു
ഞാനോതുന്നോരിപ്പുതുവാഞ്ഛയെനീയേൽക്കായ്കിൽ
മർത്യന്മാരുടെ ഗുരുവാകാൻ നീയപ്രാപ്തൻതാൻ

ഞാൻ ചൊല്ലുന്നോരീവാക്യംനീ കൈക്കൊള്ളായ്കിൽ
കൈക്കൊള്ളുന്നൊരു ശ്ലീഹായെ ഞാൻ നിയമിച്ചീടും
വന്നേറ്റീടുക കഴുകലിനാലെൻ ശിഷ്യത്വം നീ
നീയന്യൻ താൻ കഴുകലിനെക്കൈക്കൊണ്ടില്ലങ്കിൽ

കാംക്ഷിച്ചതുപോൽ നാഥൻ കഴുകി ശീമോൻതൻകാൽ
വന്നെല്ലാരും രക്ഷകസവിധേ ക്രമമായ് നിന്നു
താണോനേപ്പോൽ ശിഷ്യസമക്ഷം ശീർഷം താഴ്ത്തി
വിനയം മൂലം മാനിപ്പാൻ തൽപാദം കഴുകി

ശ്ലീഹന്മാരെ മുന്നം ചേർത്തൊരു താതൻ സ്തുത്യൻ
തൻവിനയത്താലവരെയുയർത്തിയ പുത്രൻ വന്ദ്യൻ
വിജ്ഞാനത്താലവരെ നിറച്ചൊരു റൂഹാ സ്തുത്യൻ
തൽപ്രാർത്ഥനയാൽ വാഴ് വെങ്ങൾക്കുണ്ടാകട്ടെന്നും

പൗരോഹിത്യം രാജ്യം പ്രവചനമിവയില്ലാതെ
സർവ്വം ശൂന്യം നിങ്ങടെ നിലയം യൂദന്മാരെ

(മദറോശൊ-കും പൗലോസ്)

ശിഷ്യരുമായെത്തി-മാളികയിൽ നാഥൻ
ദൃഷ്ടാന്തം സർവ്വം - നിറവേറ്റീടാൻ
വനയസമുദ്രത്തി-ന്നടിയോളം ചെന്നാൻ

തന്നത്താൻ താഴ്ത്തി-ബലവാനീശൻ
സകലത്തിൻ നാഥൻ-നിഖിലത്തിൻ ദൈവം
ജീവരഥത്തിന്മേൽ-ആഘോഷിതനായീടുന്നോൻ
മാതൃകയാവാനായ് - വിനയത്തിൻ മാർഗ്ഗം
ശിഷ്യർക്കായ് കാട്ടാൻ-ഉള്ളിലുറച്ചാൻ

ദൈവിക സൗധത്തിൽ - ദാസന്മാർ വന്നു
യജമാനൻ നിന്നു - മുൻഭാഗത്തായ്
തോർത്തരയിൽ ചുറ്റി - നിന്നുകുനിഞ്ഞീശൻ
ശിഷ്യസമൂഹത്തിൻ - കാൽകഴുകീടാൻ
വഞ്ചകയൂദാതൻ-കാലും നീ കഴുകീ
മനുജകുലസ്നേഹം - നിന്നെയഹോപാരം താഴ്ത്തി
കരുണനിറഞ്ഞോനേ! ഉത്തമനേ! സ്തോത്രം
പാടേറ്റോനേ! നിൻ-സ്നേഹം സ്തുത്യം

നേരിലുറച്ചോരായ് - നിർമ്മലരായ് മേവും
കുഞ്ഞാട്ടിൻകൂട്ടം-സ്വീകൃതമായി
മനുജസ്നേഹത്താ-ലവരർക്കന്നൊപ്പം
ശോഭിപ്പാൻ കർത്താ-വാഗ്രഹമാർന്നു
അത്ഭുതകാര്യങ്ങൾ-ചെയ്-വാൻ കെൽപ്പേകി
അധികാരം നൽകി - പദവികൾ വാഗ്ദാനം ചെയ്തു
സാഘോഷം കർത്താ-വാഗതനാകുമ്പോൾ
വിധിപീഠത്തിന്മേ-ലവരുമിരിക്കും

അഗ്നിമയന്മാരാൽ - സേവിതനാകുന്നോൻ
ജീവനൊടങ്ങാളി-ക്കത്തിടുമഗ്നി
പൂഴിയതിൻമുമ്പിൽ-തൻതലയും താഴ്ത്തി
കാൽകഴുകീടാനായ് അർത്ഥിക്കുന്നു
ക്രൊബേ സ്രോപ്പെന്മാർ - കീർത്തിച്ചീടുന്നോൻ
ജീവരഥത്തിന്മേൽ-സ്ഥിതിചെയ്യും സർവ്വാധീശൻ
നിന്നുശിമോൻ മുമ്പിൽ-തൻതലയും താഴ്ത്തി
സ്തുത്യൻ താനേവം-വിനയം പൂണ്ടോൻ

മണ്ണാമെൻപാദം-കഴുകുംമട്ടേവം
സ്വർഗ്ഗീയ! പാരം-താണീടരുതേ
എൻകർത്താവേ! ഞാൻ-നിന്ദിതമാംപൂഴി
എങ്ങനെയിക്കാര്യം - നീ ചെയ്തീടും
ആദാമിൻതാതാ!-സൃഷ്ടികൾ തൻ നാഥാ!
ഞാൻ നിൻ ശ്ലീഹാതാൻ-എന്നെലജ്ജിപ്പിക്കല്ലേ
എൻകർത്താവേ! ഞാൻ പേടിക്കുന്നേറ്റം
ഗുരുനാഥാ! നീയെൻ-കാൽകഴുകേണ്ട

വെള്ളം പാത്രത്തിൽ-കോരിയൊഴിച്ചീശൻ
തലവൻ ശീമോനോ - ടേവമുരച്ചു
വരികശിമോനേനീ - യെന്നിരികെവേഗം
നിന്നുടെ പാദങ്ങൾ-ഞാൻ കഴുകട്ടെ
തൻപണിയായീടും - പൂഴിയതാംപാദം
കഴകിയവാനോനേ! സ്തുത്യം തന്നേ നിൻ താഴ്മ
എവ്വിധമിക്കാര്യം-നേരിടുമെന്നോർത്ത്
ശീമോനത്യന്തം - സംഭ്രമാർന്നു

ശീമോനേ! ശീഘ്രം-നിന്നിഷ്ടം തള്ളി
എന്നിഷ്ടത്തേനീ-കൈക്കോള്ളേണം
വിനയത്തിൻമാർഗ്ഗം-കാട്ടിത്തന്നീടാം
കീപ്പായേ! നിൻകാൽ-ഞാൻ കഴുകട്ടെ
നീയും ചെയ്തേവം - സ്വർഗ്ഗീയന്മാരെ
വീഴ്ത്തിയതാമാവൻ-നിഗളത്തെനീക്കീടേണം
കാൽകഴുകീടാനായ് - തൻ തലയും താഴ്ത്തി
അർത്ഥിച്ചാൻ നാഥൻ-ശിഷ്യനൊടേവം

എന്തിനു ശീമോനെ! തർക്കിക്കുന്നേവം
എതിരായ് നിൽക്കാതെൻ - വചനം കേൾക്ക
വായുതലത്തിങ്കൽ-കാവലിരിപ്പോനെ
പോരിൽതോൽപ്പിപ്പാൻ - ഞാനിഛിപ്പൂ
കേൾക്കുകശീമോനേ!- നീ തന്നിഷ്ടത്താൽ
എന്നെമറുത്തെന്നാൽ-ഇല്ല നിനക്കെൻ ശിഷ്യത്വം
ശീമോനേ ഞാൻ നിൻ - കാൽകഴുകീടായ്കിൽ
പ്രിയരൊപ്പംസ്ഥാനം-നീ നേടീടാ

ശിഷ്യവരൻ ശീമോൻ - ഗുരുസവിധം ചെന്നു
കാൽകഴുകാൻ നാഥൻ - മുതിരുകയായി
ഇതുപോലാശ്ചര്യം-കാണുമ്പോളയ്യോ
വിസ്മിതനായേവൻ-കരയുകയില്ലേ?
ബലവാനാം ദൈവം - സൃഷ്ടിഗണാധീശൻ
മൺപൊടിയിൻ മുമ്പിൽ - നിൽക്കുന്നുശീർഷം താഴ്ത്തി
നിഗളികളെ! നോക്കിൻ - ഡംഭികളേ! കാണ്മിൻ
തന്നത്താൻ നിങ്ങൾ - ശോധന ചെയ്-വിൻ

നന്മനിറഞ്ഞോൻ കാൽ-കഴുകിവെടിപ്പാക്കി
തൻശിഷ്യന്മാരെ - ജ്ഞാനികളാക്കി
അതുപോലന്യോന്യം - ശിഷ്യന്മാർ ചെയ്-വാൻ
വിനയത്തിൻ മാർഗ്ഗം - നാഥൻ നൽകി
കുഞ്ഞാട്ടിൻമാംസം-ഭക്ഷിപ്പാൻരാവിൽ
പന്തിയിലേയ്ക്കേറ്റി-സത്തമനാശിഷ്യന്മാരെ
ദിവ്യമതാമാട്ടിൻ-കുട്ടിയെരക്ഷിച്ചു
പുതുബലിയർപ്പിപ്പാൻ - വേളയടുത്തു

വീക്ഷിക്കുന്നെങ്ങൾ-മാനസമേചൊല്ലൂ
ഭികരമാം ക്രോബ-ത്തേരിലിരിപ്പോൻ
സൃഷ്ടാവാം താതൻ-മഹിമകൾ തൻ നാഥൻ
ശിഷ്യസമൂഹത്തിൻ - മദ്ധ്യേ നിൽപ്പൂ
തിരുമാറിൽവാഴ്-വോൻ-ശിഷ്യപദം കഴുകി
അവനേ യൂദന്മാർ-കൊലചെയ്-വാനായേല്പിച്ചു
അവകാശം വിണ്ടും - ആദാമ്മിന്നേകാൻ
അവനൻപാലേവം - വനയംപൂണ്ടു

<u>(സുമ്മോറൊ - അസ്ദെസ്റേയോൻ)</u>

വിനയസമേതം വാനുടയോൻ - ശിഷ്യഗണത്തിൻ കാൽകഴുകി
ദുഷ്ടാഹങ്കാരം നീക്കി-താഴ്മ പഠിപ്പിച്ചാൻ നമ്മെ
വിനയത്തൊടു നീ ഞങ്ങൾക്കായ് - ഏറ്റൊരുയാതനസം സ്തുത്യം

വായനകൾ

| | | |
|---|---|---|
| പുറപ്പാട് | 34 | : 18 - 26 |
| 2 രാജാക്കന്മാർ | 23 | : 21 - 25 |
| ഏശായാ | 50 | : 4 - 10 |
| 1 പത്രോസ് | 3 | : 17 - 22 |
| എബ്രായാ | 10 | : 21 - 29 |

പെത്ഗോമോ

നല്ലവെടിപ്പോടു കൈകഴുകി-നിൻബ
ലിവേദിവലംവച്ചേൻ ഹാ ....

ഏവൻഗേലിയോൻ

(കാൽകഴുകൽ സമയത്തെ ഏവൻഗേലിയോൻ അതിനായി പ്രത്യേകം നിശ്ചയിക്കപ്പെട്ട ഒരാൾ വായിക്കണം)

യോഹന്നാൻ 18 : 1 -1 9

തനിക്കു ഇഹലോകംവിട്ട് പിതൃസന്നിധിയിലേക്കു പോകേണ്ട സമയമായിരിക്കുന്നു എന്ന് പെസഹാപ്പെരുന്നാളിനു മൂന്നുതന്നെ യേശു അറിഞ്ഞിരുന്നു. ഇഹലോകത്തിലുള്ള തനതാളുകളെ അദ്ദേഹം സ്നേഹിച്ചിരുന്നു. ....

***(വിശുദ്ധ ഏവൻഗേലിയോൻ മദ്ധ്യേ മേൽപട്ടക്കാരൻ വെള്ളത്തിന്മേൽ പ്രാർത്ഥന നടത്തുന്നു)***

ജനം : ആമ്മീൻ ... കുറിയേലായിസോൻ

മേൽപട്ടക്കാരൻ : രഹസ്യപ്രാർത്ഥന

പ്രാർത്ഥന

***(വീണ്ടും വായനക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു)***

ശിഷ്യന്മാരുടെ കാലുകഴുകുവാനും തന്റെ അരയിൽ ചുറ്റിയിരുന്നത തൂവ്വാലകൊണ്ട് തുവർത്തുവാനും തുടങ്ങി.

(ഇവിടെ മേൽപട്ടക്കാരൻ കാലുകഴുകുവാൻ തുടങ്ങുന്നു. ചെറിയവൻ മുതൽ ആരംഭിച്ചു പ്രധാനിയിൽ അവസാനിക്കുന്നു)

ഈ സമയത്ത് ചൊല്ലാവുന്ന ഗീതം

***(ത്ഹർഗബ്രീയേൽ - കൂക്കോയോ രീതിയിൽ)***

എരിതീയായോൻ തലതാഴ്ത്തി ശിഷ്യന്മാർ പാദം
കഴുകീടുന്നതു കണ്ടപ്പോൾ ഗബ്രീയേൽ ഞെട്ടി
മീഖായേലും വാനവസേനകളും
ഞെട്ടിവിറച്ചു സംഭ്രമമതിലാണ്ടു
മണ്മയർപാദം കഴുകുന്നു; എരിതീ പാത്രത്തിൽ!
ഞാൻ ചെയ്തതുപോലന്യോന്യം ചെയ്-വീനെന്നോതി
ഹാലേലുയ്യാ-സ്തുത്യം തദ്വിനയം
ചെറിയോൻ മുതലെല്ലാ ശിഷ്യന്മാരേയും കഴുകി
തലയാളം ശീമോനോതിനാഥാ! എൻപാദം
നീ കഴുകരിതേ; ശാസിച്ചു നാഥൻ
വിപരീതം നീ നിന്നാൽ നീയന്യൻ
കീപ്പാസംഭ്രമമോടോതി എൻമെയ്യും തലയും
കർത്താവേ! കഴുകീടണമേ ഞാൻ നിന്റേതാവാൻ
ഹാലേലുയ്യാ - ഉ ഹാലേലുയ്യാ

*(വേറൊന്ന് - ബ്ഹൗനുഹറോ)*

തൻമഹിമനമിച്ചു മണ്മയരെ
ക്കഴുകിയസർവ്വേശാ!
ആരാധകരേ മലിനതനീക്കി
കൃപയാൽ കഴുകീടണമേ
***(കാൽകഴുകുമ്പോൾ ഓരോരുത്തരുടെമേലും ഈ പ്രാർത്ഥന ചൊല്ലുന്നു)***

ദൈവമായ കർത്താവ് നിന്നിൽനിന്ന് പഴയമനുഷ്യന്റെ സകല നടപടികളും കഴുകിക്കളയുകയും നിന്നേയും നിന്റെകൂടെ ഞങ്ങളെല്ലാവരേയും ആത്മാവിലും സത്യത്തിലും നവീകരിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ

***(കാലുകൾ തൂവ്വാലകൊണ്ട് തുടക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന)***

കർത്താവ് നിന്നിൽനിന്നും ഞങ്ങളിൽനിന്നും സകല ദുഷ്ടവികാരങ്ങളേയും നടപടികളേയും ശീലങ്ങളേയും തുടച്ചുകളയട്ടെ. നിന്നേയും നിന്റെ കൂടെ ഞങ്ങളെല്ലാവരേയും വെടിപ്പാലും വിശുദ്ധിയാലും മ്ശിഹാ തമ്പുരാനു പ്രീതികരമായ ജീവിത്താലും ശ്രേഷ്ഠരാക്കുകയും ചെയ്യട്ടെ.

മോറാൻ വാലോഹാൻ...

***പ്രധാനീയായ പത്രോസിന്റെ അടുക്കൽ എത്തുമ്പോൾ പ്രത്യകമായ ഭാഗം നിർവ്വഹിക്കുന്നു***

***(ഏവൻഗേലിയോൻ വായിക്കുന്നയാൾ വായന തുടരുന്നു)***

എന്നാൽ അദ്ദേഹം ശെമവൂൻ കീപ്പായുടെ അടുക്കൽ ചെന്നപ്പോൾ അവൻ ......

***മേൽപട്ടക്കാരൻ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ഏവൻഗേലിയോൻ വായന പൂർത്തിയാക്കുന്നു***

***ഏവൻഗേലിയോൻ വായന കഴിയുമ്പോൾ കാലുകൾ കഴുകപ്പെട്ടവരെല്ലാവരും എഴുന്നേൽക്കുകയും അവരിൽ ശെമവൂന്റെ സ്ഥാനം വഹിച്ചയാൾ തങ്ങളുടെ കാലുകൾ കഴുകിയ ആളിന്റെ കാലുകൾ കഴുകുകയും ചെയ്ത ശേഷം ഈ പ്രാർത്ഥന നടത്തുന്നു***

## പ്രാർത്ഥന

സർവ്വാധിപതിയായ പിതാവാം ദൈവമേ! നിന്റെ പരിശുദ്ധ ഏകജാതൻ, ഭാഗ്യവാന്മാരായ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിക്കൊണ്ട്, യഥാർത്ഥശിഷ്യന്മാരെപ്പോലെ നിങ്ങൾ ഇപ്രകാരം സ്നേഹപൂർവ്വം പരസ്പരം കാലു കഴുകുവിൻ എന്നു പറഞ്ഞു പഠിപ്പിച്ചു. കർത്താവേ! ആ കർതൃ കല്പന ഞങ്ങൾ നിറവേറ്റുകയും പരസ്പരം കാലുകഴുകുകയും ചെയ്തിരിക്കുന്നതിനാൽ അവന്റെ സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ നിറയുകയും ഞങ്ങളുടെ ശരീരാത്മാക്കളിൽ വസിക്കുകയും അവന്റെ കൃപ ഞങ്ങളിൽ ആവസിക്കുകയും ചെയ്യണമേ. അവന്റെ കുരണയാൽ ഞങ്ങൾ പൂർണ്ണരാക്കപ്പെടുകയും അവന്റെ ദയയാൽ ഞങ്ങൾ പാപപരിഹാരം പ്രാപിക്കുകയും ചെയ്യുമാറാകണമെ. ഹോശോ......

## മോർ യാക്കോബന്റെ ബോവൂസോ

മ്ശിഹാസ്ക്കീപ്പാമൃതികഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥനകേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം.

പാത്രം തന്നിൽവെള്ളമൊഴിച്ചാൻ നാഥൻ സൗമ്യം
ശ്ലീഹാമുഖ്യൻ ശിമോനെവിളിച്ചാൻ കാൽകഴുകാൻ
ശിമോൻ ചൊന്നാനരുതരുതീശാ കഴുകേണ്ടെന്നെ
കല്പിച്ചതുപോൽ കഴുകീടുകിലുൾഭയമേറീടും
സ്വർഗ്ഗസ്ഥാ നീ ഭൗമികപാദം കഴുകീടേണ്ട
സൃഷ്ടാവാം നീ പാഴ്ചെളിയെ ബഹുമാനിക്കേണ്ടാ

ചൊന്നാൻ നാഥൻ ശ്ലീഹാമുഖ്യാ! മതിശീമോനേ
വേണ്ടാപോരും നേരാലുള്ളൊരുനിൻ പോരാട്ടം
ഗുരുനാഥന്മാർ ശിഷ്യന്മാരോടുനുവർത്തിപ്പാൻ
ഞാൻ ചെയ്യുന്നോരീനവകൃത്യം നീ ബോധിക്ക
വന്നേറ്റീടുക കഴുകലിനാലെൻ ശിഷ്യത്വം നീ
നിയന്യൻ താൻ കഴുകലിനെക്കൈക്കണ്ടില്ലെങ്കിൽ

ചൊന്നാൻ ശീമോൻ ഞാനർത്ഥിപ്പൂ നിന്റേതാവാൻ
കൈകാലുകളും തലയുംകൂടെ കഴുകീടേണമെ
നിൻശിഷ്യത്വം കഴുകൽ കൂടാതില്ലെന്നാകിൽ
നാഥാ! ദേവാ! ബഹുശമെന്നഭിഷേചിക്ക
ഹിതമെന്നാലെൻ പദപാണികളെക്കഴുകീടേണം
നിന്നൈക്യം ഞാൻ വിട്ടീടരുതേ കഴുകുക പൂർണ്ണം.

കുമ്പിട്ടയ്യോ മൂടുന്നുമുഖം ഗബ്രീയേല്യർ
ആശ്ചര്യം നീ ശീമോന്യപദം കഴുകീടുന്നു
ശുശ്രൂഷിപ്പാൻ തിരുവുളമായ് നീ താണെന്നാകിൽ
മ്ലേഛന്മാരോടെന്തിനു വിനയം ദൈവാത്മജനേ!
നിന്നെക്കൊല്ലാനുള്ളിലുറച്ചൊരു യൂദായേയും
കഴുകാൻ നിന്നേയേതൊരുസ്നേഹം പ്രേരിപ്പിച്ചു

മർത്യന്മാരിൽ വാഴ്-വേകുകയാൽ താതാ! സ്തോത്രം
സുതനേവിട്ടാൻ നമ്മെപ്രതിതാൻ ഗാത്രംപേറി
ദിവ്യന്മാർ തൻകാലുകൾ കഴുകീ സ്വസ്നേഹത്താൽ
പാത്രം തന്നിൽ വെള്ളമൊഴിച്ചതിവിനയത്തോടെ
ശ്ലീഹന്മാരെക്കഴുകിയപുത്രാ! വന്ദിക്കുന്നു
സ്തുതിപുത്രന്നും ജനകന്നും പാവനറൂഹായ്ക്കും

പൗരോഹിത്യം രാജ്യം പ്രവചനമിവയില്ലാതെ
സർവ്വം ശൂന്യം നിങ്ങടെ നിലയം യൂദന്മാരെ

**കാലുകഴുകൽ ശുശ്രുഷ സമാപനം**